**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6104 20.11.2019 -ലെ മറുപടിക്ക്**

**<u>പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.ബി.സത്യൻ**<br>**ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീ. കാരാട്ട് റസാഖ്** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് അംബേദ്കർ ഗ്രാമവികസന പരിപാടി. അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന 40 തോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് 2016-17-ൽ പദ്ധതിയിലുൾപ്പെടുത്തിയിരുന്നത്. 2019-20 മുതൽ 30 തോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ യാണ് പദ്ധതിയിലുൾപ്പെടുത്തുന്നത്. |
| (ബി) | ഇതിനായി നടപ്പിലാക്കിയിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി കോളനികളിലെ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വികസിപ്പിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | പദ്ധതി പ്രകാരമുള്ള വികസന പ്രവൃത്തികൾ<br><br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. കുടിവെള്ള പദ്ധതി<br>3. ആശയ വിനിമയ സൗകര്യം<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവു വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം (സ്ഥലം |

| | | | |
|---|---|---|---|
| | | | ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14.വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) |
| (സി) | ഒരു നിയമസഭാ നിയോജക മണ്ഡലത്തിൽ നിന്നും എത്ര കോളനികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കുന്നതെന്ന് അറിയിക്കാമോ; | (സി) | 2016-17 ൽ ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും രണ്ട് കോളനികളെയാണ് ഉൾപ്പെടുത്തിയിരുന്നത്. 2019-20 മുതൽ ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും ഒരു കോളനി എന്ന ക്രമത്തിൽ തെരഞ്ഞെടുക്കുന്നു. |
| (ഡി) | നടപ്പ് സാമ്പത്തികവർഷം എത്ര കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടെന്നും എത്ര കോളനികളുടെ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ? | (ഡി) | നാളിതുവരെയായി 73 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. അവയുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ